പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5426 — 31.10.2016 - ൽ മറുപടിയ്ക്ക്

## വൃദ്ധജനങ്ങളുടെ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീമതി.സി.കെ.ആശ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വയോജനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതും അവർക്കാവശ്യമായ മാനസികവും ശാരീരികവുമായ പരിചരണം, സാമ്പത്തിക സഹായം എന്നിവ നൽകുന്നതിന് ബന്ധുക്കൾ തയ്യാറാകാതിരിക്കുന്നതും പരിഗണിച്ച്, അവരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ, ബന്ധുക്കൾ സംരക്ഷിക്കാൻ തയ്യാറാകാത്ത വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിൻ കീഴിൽ 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സന്നദ്ധ സംഘടനകൾ നടത്തുന്ന 566 വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ 60 വയസ്സ് കഴിഞ്ഞവർക്ക് വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ നൽകി വരുന്നുണ്ട്. 60 വയസ്സ് കഴിഞ്ഞവർക്ക് 1000/- രൂപയും 75 വയസ്സ് കഴിഞ്ഞവർക്ക് 1500/- രൂപയുമാണ് നിലവിൽ പെൻഷനായി നൽകി വരുന്നത്. താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി താമസക്കാർക്ക് അനുവദിക്കുന്നുണ്ട്. കൂടാതെ ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ "വയോ അമൃതം" എന്ന ആയുർവേദ ചികിത്സാ പദ്ധതി നടപ്പിലാക്കി വരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി "വയോമിത്രം" എന്ന പദ്ധതിയും നടപ്പിലാക്കി കൊണ്ടിരിക്കുന്നു. 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് മൊബൈൽ കെയർ യൂണിറ്റ്, പാലിയേറ്റീവ് കെയർ, സൗജന്യ ആംബുലൻസ് സേവനം, ഹെൽപ്പ് |

| | | | |
|---|---|---|---|
| | | | ഡെസ്ക്, മൊബൈൽ ക്ലിനിക്ക്, എന്നീ സൗകര്യങ്ങൾ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നുണ്ട്.<br>ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള വയോജന ആരോഗ്യ പദ്ധതി പ്രകാരം ആശുപത്രികളിൽ വയോജന ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, സൗജന്യ ചികിത്സ നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിവിധ സർക്കാർ ഇൻഷുറൻസ് പദ്ധതികളും ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങളിലൂടെ വൃദ്ധ ജനങ്ങളുടെ ചികിത്സാ ചിലവ് കുറയ്ക്കുന്നതിനായി പ്രയോജനപ്പെടുത്തി വരുന്നു. സാന്ത്വന ചികിത്സാ പദ്ധതിയിലൂടെ നിരാലംബരും, ശയ്യാവലംബരുമായ രോഗികൾക്ക് ഭവന സന്ദർശനത്തിലൂടെയും, ആശുപത്രികളിലൂടെയും സൗജന്യ സേവനം നൽകി വരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ള വൃദ്ധസദനങ്ങളിൽ, സർക്കാർ ഗ്രാന്റിന് അനുമതിയുള്ള സ്ഥാപനങ്ങൾക്ക് ഒരു അന്തേവാസിയ്ക്ക് 1000/-രൂപ നിരക്കിൽ പ്രതിമാസ ഗ്രാന്റ് നൽകുന്നു. ആരോഗ്യ ശുശ്രൂഷയുടെ ഭാഗമായി എല്ലാ മാസവും സ്ഥലത്തെ മെഡിക്കൽ ഓഫീസറുടെ (അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി) സൗജന്യ വൈദ്യ പരിശോധന ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സ്ഥാപനങ്ങൾക്ക് ബി.പി.എൽ നിരക്കിൽ റേഷൻ നൽകുന്നു. |
| (ബി) | വൃദ്ധജനങ്ങളുടെ സുരക്ഷയ്ക്ക് മക്കൾ തയ്യാറാകാതിരുന്നാൽ അവരെ പുനരധിവസിപ്പിക്കുന്നതിന് തയ്യാറാകുമോയെന്ന് അറിയിക്കാമോ; | (ബി) | മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടേയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം 2007 പ്രകാരം മാതാപിതാക്കളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം മക്കൾക്കും മക്കളില്ലാത്തയാളാണെങ്കിൽ ബന്ധുവിനുമാണ്. മക്കൾക്ക് മാതാപിതാക്കളെ സംരക്ഷിക്കാനുള്ള ഒരു സാഹചര്യവും ഇല്ലാത്ത ഘട്ടത്തിൽ മാത്രമേ സ്ഥാപനപരമായ സംരക്ഷണം പ്രോത്സാഹിപ്പിക്കപ്പെടാറുള്ളൂ. |

| | | | |
|---|---|---|---|
| (സി) | വൃദ്ധസദനങ്ങളിൽ അന്തേവാസികൾക്ക് മതിയായ ശ്രദ്ധ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; ആയത് ഫലപ്രദമായി നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് മതിയായ ശ്രദ്ധയും സംരക്ഷണവും ലഭിക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ക്ഷേമ സ്ഥാപനങ്ങളുടെ ശരിയായ ഭരണ നിർവ്വഹണത്തിനും പ്രവർത്തനങ്ങൾക്കും വേണ്ടി വ്യക്തവും പ്രായോഗികവുമായ നടപടി ക്രമങ്ങളും, വ്യവസ്ഥകളും മാർഗ്ഗ നിർദ്ദേശങ്ങളും അടങ്ങുന്ന ഒരു മാനേജ്മെന്റ് മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. മാനേജ്മെന്റ് കമ്മിറ്റികളിൽ സ്ഥാപനത്തിലെ താമസക്കാരുടെ പ്രശ്നങ്ങൾ വിലയിരുത്തി അവർക്ക് മതിയായ ശ്രദ്ധയും സംരക്ഷണവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ള വൃദ്ധസദനങ്ങളിൽ ഗ്രാന്റ് നൽകുന്നതിന്റെ ഭാഗമായി ജില്ലാ സാമൂഹ്യനീതി ഓഫീസർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സ്ഥാപനങ്ങളിൽ പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തുന്നു. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥാപനം സന്ദർശിച്ച് അന്തേവാസികൾക്ക് ആരോഗ്യ സേവനം നൽകുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പിലെ ഉദ്യോഗസ്ഥർ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും ഇത്തരം സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**